"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ മുട്ടത്തൊടി വില്ലേജിൽ റീ. സ 97/1 L -ൽ പെട്ടതും എൽ എ 396/85/മുട്ടത്തൊടി നമ്പർ പതിവ് ഉത്തരവ് പ്രകാരം ശ്രീമതി ഖദീജ, W/o ഇബ്രാഹിം എന്നവർക്ക് പതിവ് ഉത്തരവ് നൽകിയതുമായ 0.55 ഏക്കർ ഭൂമിയുടെ പതിവ് തുക ഒടുക്കുന്നതിൽ വന്ന കാലതാമസം, 1964 - ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ, ചട്ടം 9(7) പ്രകാരം നിശ്ചിത വ്യവസ്ഥയ്ക്ക് വിധേയമായി മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.1585/2026/RD തീയതി,തിരുവനന്തപുരം, 17-08-2026

---

പരാമർശം:-
1. ശ്രീമതി. ഖദീജ സമർപ്പിച്ച അപേക്ഷ
2. കാസർഗോഡ് ജില്ലാ കളക്ടറുടെ 30.01.2025 തീയതിയിലെ DCKSGD/2558/2022-C3 നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 13.03.2026 തീയതിയിലെ LR/1163/2025-LR(J10) നമ്പർ കത്ത്

**ഉത്തരവ്**

കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ മുട്ടത്തൊടി വില്ലേജിൽ എൽ എ 396/85/മുട്ടത്തൊടി നമ്പർ പ്രകാരം പതിവ് ഉത്തരവ് നല്കിയ റീ. സ 97/1L -ൽപ്പെട്ട 0.55 ഏക്കർ ഭൂമിയുടെ പതിവ് തുക ഒടുക്ക് വരുത്തുന്നതിനുള്ള കാലതാമസം മാപ്പാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. ഖദീജ, W/o ഇബ്രാഹിം അപേക്ഷ സമർപ്പിച്ചിരുന്നു. അറിവില്ലായ്മ മൂലമാണ് യഥാസമയം തുക ഒടുക്കുവാൻ സാധിക്കാതിരുന്നതെന്ന് അപേക്ഷയിൽ പരാമർശിച്ചിട്ടുണ്ട്.

2. കാസർഗോഡ് ജില്ല, കാസർഗോഡ് താലൂക്ക്, മുട്ടത്തൊടി വില്ലേജിലെ റി സ 97/1L -ൽപ്പെട്ട 0.55 ഏക്കർ ഭൂമിക്ക് ശ്രീമതി ഖദീജ, W/o ഇബ്രാഹിം എന്നവർ പേരിൽ എൽ.എ 396/85/മുട്ടത്തൊടി നമ്പർ പ്രകാരം 08/06/1987 തീയതിയിൽ പതിവുത്തരവ് നൽകിയിരുന്നുവെന്നും പതിവ് ഉത്തരവ്വ പ്രകാരമുള്ള തുക വില്ലേജിൽ അടച്ചതായ രശീതി അപേക്ഷകയുടെ കൈവശമില്ലാത്തതും, ടി കാലയളവിലെ പതിവുത്തരവ് രജിസ്റ്റർ വില്ലേജാഫീസിൽ ലഭ്യമല്ലായെന്നും, പട്ടയ വിവരം രേഖപ്പെടുത്തുന്ന Account No. 7, കണ്ടീഷൻ ഒഫ് അസൈൻമെൻ്റ് രജിസ്റ്റർ എന്നിവയിൽ ടി വിവരം രേഖപ്പെടുത്തിയതായി കാണുന്നില്ലായെന്നും പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ പ്രസ്തുത ഭൂമി 35 മുതൽ 40 വർഷത്തോളമായി അപേക്ഷകയുടെ

കൈവശത്തിലും അനുഭവത്തിലുമുള്ളതാണെന്നും ടി ഭൂമിയിൽ അപേക്ഷകയും കുടുംബവും താമസിക്കുന്ന ഓട് പാകിയ ഒരു വീടും 40 മുതൽ 50 വർഷം വരെ പഴക്കമുള്ള 16 തെങ്ങുകളും, മറ്റ് അനുഭവങ്ങളുമാണുള്ളതെന്നും അപേക്ഷകയുടെയും കുടുംബത്തിന്റെയും പേരിൽ മറ്റ് സ്വത്തുക്കളില്ലാത്തതുമാണെന്നും പതിവ് തുക ഒടുക്കുന്നതിനുള്ള നോട്ടീസ് ലഭിച്ചെങ്കിലും അറിവില്ലായ്മ കാരണം തുക യഥാസമയം ഒടുക്കാൻ സാധിച്ചിട്ടില്ലാത്തതായി അപേക്ഷക മൊഴി നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. 1987-88 കാലയളവിലെ ക്യാഷ് രജിസ്റ്റർ കണ്ടെത്താൻ കഴിയാത്തതിനാൽ പതിവ് തുകയുടെ ഒടുക്ക വിവരങ്ങൾ പരിശോധിയ്ക്കാൻ നിർവ്വാഹമില്ലായെന്നും അറിയിച്ചിട്ടുണ്ട്.

3. എൽ.എ 396/85/മുട്ടത്തൊടി പ്രകാരം അപേക്ഷക പതിവുത്തരവ് പ്രകാരമുള്ള തുക ഒടുക്കിയിട്ടില്ലാത്തതും പട്ടയം കൈപ്പറ്റിയിട്ടില്ലാത്തതുമാണെന്നും എൽ.ആർ ഡെപ്യൂട്ടി കളക്ടർ നേരിട്ട് സ്ഥലപരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിലും അപേക്ഷ പരിഗണനാർഹമാണെന്ന് ശിപാർശ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ 1964 - ലെ ഭൂമി പതിവ് ചട്ടം 9(7) പ്രകാരം പതിവ് ഉത്തരവ് പ്രകാരമുള്ള തുക ഒടുക്കുന്നതിൽ വന്ന കാലതാമസം മാപ്പാക്കി തുക ഒടുക്കുന്നതിനുള്ള സർക്കാർ അനുമതിയ്ക്കായി ജില്ലാ കളക്ടറുടെ റിപ്പോർട്ടും, ബന്ധപ്പെട്ട പതിവ് ഫയൽ (ഡിജിറ്റൽ )സഹിതം പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ മുട്ടത്തൊടി വില്ലേജിൽ റീ. സ 97/1 L -ൽ പെട്ടതും എൽ എ 396/85/മുട്ടത്തൊടി നമ്പർ പതിവ് ഉത്തരവ് പ്രകാരം ശ്രീമതി ഖദീജ, W/o ഇബ്രാഹിം എന്നവർക്ക് പതിവ് ഉത്തരവ് നൽകിയതുമായ 0.55 ഏക്കർ ഭൂമിയുടെ പതിവ് തുക ഒടുക്കുന്നതിൽ വന്ന കാലതാമസം, മുഴുവൻ കുടിശ്ശികയും ഭൂമി വിലയുടെ 12% ഉം കാലതാമസം മാപ്പാക്കി നൽകുന്ന ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം ഒറ്റത്തവണയായി അടയ്ക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 1964 - ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 9(7) പ്രകാരം മാപ്പാക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം
തഹസിൽദാർ, കാസർഗോഡ്
ശ്രീമതി. ഖദീജ, W/o ഇബ്രാഹിം (Late), മരുദംവയൽ, മുട്ടത്തൊടി, കാസർഗോഡ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Kumari Sindhu S
Date: 18-08-2026
15:05:26

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. റവന്യൂ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്